LIBRARY ARCHIVES Kerala Legislative Assembly.

കരകൗശല കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറേയും മാനേജരേയും സസ്പെന്റ് ചെയ്ത നടപടി

23 [2150] ശ്രീമതി രാധാ രാഘവൻ:

ശ്രീ. ജോർജ് ജെ. മാത്യു:

,, തമ്പാനൂർ രവി:

,, എ. സുജനപാൽ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറേയും ജനറൽ മാനേജരേയും സസ്പെന്റ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ സസ്പെന്റ് ചെയ്യാനുള്ള സാഹചര്യം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാനേജിംഗ് ഡയറക്ടർക്കും ജനറൽമാനേജർക്കുമെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള വിജിലൻസ് കേസിന്റെ അന്വേഷണം സുഗമമാക്കുന്നതിന് ഇവർ സർവ്വീസിൽ തുടരുന്നത് അഭികാമ്യമല്ല എന്നു കണ്ടതിനാലാണ് ഇവരെ സസ്പെന്റ് ചെയ്തത്.

വ്യാവസായിക ആവശ്യങ്ങൾക്കായി ഏറ്റെടുക്കുന്ന ഭൂമിയിൽനിന്നും ഒഴിവാക്കപ്പെടുന്ന കുടുംബങ്ങൾക്ക് തസ്തിക സംവരണം

24 [2151] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രസ്തുത ഭൂമിയിൽ നിന്നും ഒഴിവാക്കപ്പെടുന്ന കുടുംബങ്ങളിലുള്ളവർക്ക് അവരുടെ യോഗ്യത അനുസരിച്ച് ഈ സ്ഥലത്ത് ആരംഭിക്കുന്ന സ്ഥാപനത്തിൽ ഒരു നിശ്ചിത ശതമാനം തസ്തികകൾ സംവരണം ചെയ്യുന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇങ്ങനെ ഒരു നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇങ്ങനെ ഒരു വ്യവസ്ഥ ഇപ്പോൾ നിലവിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.